

THURSDAY 28.03.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/03/2024

1. കാർഷിക ബിരുദധാരികൾക്കുള്ള മികച്ച ഉപരിപഠന മേഖലയാണ് അഗ്രിബിസിനസ് മാനേജ്മെന്റ്, കാർഷിക, വെറ്ററിനറി, ഫിഷറീസ് മുതലായ വിഷയങ്ങളിൽ ബിരുദം പൂർത്തിയാക്കിയവർക്ക് ചേരാവുന്ന അഗ്രിബിസിനസ്മാനേജ്മെന്റ് സപ്ലൈചെയിൻമാനേജ്മെന്റ്, റൂറൽമാനേജ്മെന്റ്കോഴ്സുകളുണ്ട്. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് എക്സ്റ്റൻഷൻ മാനേജ്മെന്റിൽ അഗ്രി ബിസിനസ്, സപ്ലൈ ചെയിൻ മാനേജ്മെന്റ് ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാനുള്ള പ്രാഥമിക യോഗ്യത കാർഷിക, കാർഷിക അനുബന്ധ ബിരുദമാണ്. അഹാരാഷ്ട്രയിലുള്ള ഡി.വൈ പാട്ടീൽ യൂണിവേഴ്സിറ്റിയിലും കാർഷിക അനുബന്ധ ബിരുദധാരികൾക്ക് അഗ്രിബിസിനസ് മാനേജ്മെൻറിൽ ബിരുദാനന്തര പ്രോഗ്രാമുണ്ട്. കേരള കാർഷിക സർവകലാശാലയുടെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെൻറ് നടത്തുന്ന അഗ്രിബിസിനസ്മാനേജ്മെൻറ് പ്രോഗ്രാമുകൾക്കും ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാം. അഹമ്മദാബാദിലെ സെപ്റ്റ് യൂണിവേഴ്സിറ്റിയിൽ ബാച്ചലർ പ്രോഗ്രാം ഇൻ ഡിസൈൻ, സിവിൽ എൻജിനിയറിംഗ്, അർബൻ ഡിസൈൻ, ആർക്കിടെക്ചർ, ഡിസൈൻ, മാനേജ്മെന്റ്, പ്ലാനിംഗ്, ടെക്നോളജി ബിരുദാനാന്തര പ്രോഗ്രാമുകൾക്കും ഓൺലൈനായി www.cept.ac.in അപേക്ഷിക്കാം.

2. നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണിയിൽ നിന്ന് വിവിധയിനം പഴം പച്ചക്കറികൾ ലേലം ചെയ്ത് എടുക്കുന്നതിന് താത്പര്യമുള്ള കച്ചവടക്കാരിൽ നിന്ന് രജിസ്ട്രേഷൻ ക്ഷണിക്കുന്നു. ആജീവനാന്ത രജിസ്ട്രേഷൻ ഫീസ് 250/- രൂപ. കൂടുതൽ വിവരങ്ങൾക്ക് 9383470311, 9383470312 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബി. വി. 380 ഇനം കോഴിക്കുഞ്ഞ് ഒന്നിന് 160 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. വയനാട് അമ്പലവയൽ സംരക്ഷിത കൃഷിയിലൂടെ മികവിന്റെ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച **സ്നോ വൈറ്റ് ഇനം ഹൈബ്രിഡ് സാലഡ് കക്കിരി, സുപ്രീം ഇനം ഹൈബ്രിഡ് വള്ളിപ്പയർ** എന്നിവ വിൽപ്പനയ്ക്ക് തയ്യാറാണ്. വില 2/- രൂപ. ആവശ്യമുള്ള കർഷകർ അമ്പലവയൽ RARS മായോ 9497238632, 9562304546 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

5. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

6. പാലക്കാട് തിരുവാഴാംകുന്ന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി ഏവിയൻ റിസർച്ച് സ്റ്റേഷനിൽ ഒരു ദിവസം പ്രായമുള്ള കോഴി, താറാവ്, കാട എന്നിവയുടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04924 293885, 6282907009 എന്ന നമ്പറുകളിൽ ബന്ധപ്പെടുക. ടർക്കിയും അലങ്കാര കോഴികളും അഡ്വാൻസ് ബുക്കിംഗ് മുഖാന്തരം ലഭ്യമാവുന്നതാണ്.

7. കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നല്ലയിനം കാസറകോഡ് കുള്ളൻ പശുക്കൾ ലഭ്യമാണ്. പശുക്കളെ ആവശ്യമുള്ള ഫാമുകൾക്കും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകർക്കും കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രവുമായി 9446023845, 8086982969, 9447070957 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. ദേശീയ ചെറുധാന്യ ഗവേഷണ സ്ഥാപനവും ni-msme യും സംയുക്തമായി development of millet clusters എന്ന വിഷയത്തിൽ ഒരു സെമിനാർ 2024 മാർച്ച് 27ന് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9908724315, 9492415610 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

9. ഷീറ്റുറബ്ബർ കയറ്റുമതി ചെയ്യുന്നതിന് കിലോഗ്രാമിന് അഞ്ച് രൂപ പ്രോത്സാഹനമായി നൽകാൻ റബ്ബർബോർഡ് തീരുമാനിച്ചു. 2024 മാർച്ച് 15 മുതൽ ജൂൺ 30 വരെ ഈ പദ്ധതി നിലവിലുണ്ടായിരിക്കും. കയറ്റുമതിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി ഒരു എക്സ്പോർട്ട് പ്രൊമോഷൻ സെൽ ബോർഡ് രൂപവത്ക്കരിച്ചിട്ടുണ്ട്. ബോർഡ് നൽകുന്ന രജിസ്ട്രേഷൻ-കം-മെമ്പർഷിപ്പ് സർട്ടിഫിക്കറ്റും ഇന്ത്യൻ നാച്ചുറൽ റബ്ബർ ലോഗോ ഉപയോഗിക്കുന്നതിനുള്ള രജിസ്ട്രേഷനും ഉള്ളവർക്ക് പ്രകൃതിദത്തറബ്ബറിന്റെ കയറ്റുമതിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന ഈ പ്രോത്സാഹനപദ്ധതിയുടെ പ്രയോജനം ലഭിക്കും.